Indo-Swiss Project

* 36. [48] ശ്രീ. ടി. മുരുകേശൻ: കീഴ് കാണും വിഷയങ്ങളെക്കുറിച്ച് ഉണവു മന്ത്രി അവർകൾ വിടെ പകർവാർകളാക:

(എ) തേവികുളം താലുകാവിൽ മാട്ടുപ്പെട്ടി എന്ന ഇടത്തിൽ ടയിരി പാം നിറുവിയതിനു സുവിസ് കവർമെന്റും, നമതു കവർമെന്റും ചെയ്തുകൊണ്ടുള്ള agreement തയവു ചെയ്തു മേശ മീതു വൈക്കലാമാ;

(ബി) ആരംപത്തിലിരുന്തു 1964 ജൂലൈ മാതം മുടിയ എവ്വളവു രൂപായ് ചെലവു ചെയ്യപ്പട്ടിരുക്കിറതു;

(സി) നം സർക്കാർ എവ്വളവു രൂപായ് ചെലവഴിത്തിരുക്കിറതു; സുവിസ് കവർമെന്റ് എവ്വളവു രൂപായ് ചെലവഴിത്തിരുക്കിറതു;

(ഡി) ഇപ്പടി ചെലവാകിയുള്ള തൊകയിൽ മാടുകൾ, കൻറുകൾ വാങ്കുവതിനു ചെലവു ചെയ്ത തൊക എവ്വളവു;

(ഇ) കട്ടിടങ്കളുക്കും, വിവചായങ്കളുക്കും ആകിയുള്ള തൊക എവ്വളവു?

Minister for Food and Agriculture (**Shri E. P.Poulose**):

(a) There is no agreement between this Government and Swiss Government. There is an agreement between Government of India and the Swiss Government.

(b) Rs. 13,66,188·00.

(c) Expenditure figures are given below:

(i) State Government Rs. 2,78,831·00.

(ii) Swiss Government Rs. 10,87,357·00.

(d) Rs. 56,571.

(e) Buildings Rs. 1,84,000.

Agriculture, Animal Husbandry & Other allied activities Rs. 11,25,617.

ആക്കൈവ്സ് സംരക്ഷണവകുപ്പ്

* 37. [53] ശ്രീ. എം. കുഞ്ഞുകൃഷ്ണൻ നാടാർ: താഴെ കാണുന്ന പോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആക്കൈവ്സ് സംരക്ഷണത്തിനുവേണ്ടി കേന്ദ്ര മാതൃകയിൽ ഒരു വകുപ്പ് ഇവിടെ എപ്പോഴാണ് മുതലാണ പ്രവത്തനം ആരംഭിച്ചതു്, എന്തൊക്കെയാണ് പ്രവത്തനങ്ങൾ;

(ബി) ഔദ്യോഗിക രേഖകൾക്കു പുറമെ, സഹകാരിവ്യക്തികളും സ്ഥാപനങ്ങളും പരമ്പരാഗതമായി സൂക്ഷിച്ചുവരുന്ന ചരിത്രം, സാഹിത്യം വൈദ്യം, ജ്യോതിഷം തുടങ്ങിയ ഇതരരേഖകൾ സംരേിച്ചു സൂക്ഷിക്കാൻ പ്രസ്തുത ഡിപ്പാർട്ടുമെൻറ് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരിൽനിന്നും എന്തൊക്കെ രേഖകൾ ഇതിനകം ആക്കൈവ്സ് ഡിപ്പാർട്ടുമെൻറ് മുഖേന ശേഖരിച്ചിട്ടുണ്ടു്;

(സി) ദേശീയ പ്രാധാന്യമുള്ള ഈ സംരംഭത്തിനു് കേന്ദ്രത്തിൽനിന്നു എന്തൊക്കെ സഹായങ്ങൾ ലഭിച്ചിട്ടുണ്ടു്

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പുരാതന രേഖകളും സാധാരണമായി പ്രാചീന ലിപികളിൽ എഴുതി കാണുന്നതുകൊണ്ട് അവ പരിശോധിച്ച് വിലയിരുത്തുന്നതിനുള്ള ലിപി പരിചയവും, പഴക്കവും പരിചരണക്കുറവുംകൊണ്ട് നാശോന്മുഖങ്ങളായി തീർന്നിരിക്കുന്ന രേഖകളെ ആധുനിക രീതിയിൽ സംരക്ഷിക്കുന്നതിനുള്ള പരിശീലനം സിദ്ധിച്ചിട്ടുള്ള എത്രപേർ ഇന്ന് പ്രസ്തുത ഡിപ്പാർട്ടുമെന്റിൽ ഉണ്ട് ;

(ഈ) ഇവരുടെ സംഖ്യ വർദ്ധിപ്പിക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) വിഷം, മന്ത്രം തുടങ്ങിയ പ്രാചീന വൈദ്യമുറകളെ സംബന്ധിച്ച വിഷയങ്ങളെ പുരസ്കരിച്ചുള്ള പ്രാചീന ഗ്രന്ഥങ്ങൾ ശേഖരിച്ച് പ്രസിദ്ധപ്പെടുത്താനുള്ള എന്തെങ്കിലും പരിപാടി ഗവണ്മെന്റിനുണ്ടോ ;

(ജി) സഹകാര്യവ്യക്തികളിൽനിന്നും ഇത്തരം ഗ്രന്ഥങ്ങൾ സമ്പാദിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 1963-ാമാണ്ട് ആരംഭം മുതൽ.

ഗവണ്മെന്റുമായി പ്രധാനപ്പെട്ട പഴയ റിക്കാർഡുകൾ കേടുകൂടാതെ സംരക്ഷിക്കുക, സഹകാര്യവ്യക്തികളും, സ്ഥാപനങ്ങളും സംഭരിച്ചിട്ടുള്ള പ്രാചീനരേഖകളും ഗ്രന്ഥങ്ങളും ശേഖരിച്ച് സൂക്ഷിക്കുക, വിവിധ ആഫീസുകളിലുള്ള റിക്കാർഡുകൾ നശിപ്പിക്കുന്നതിനുമുമ്പ് പരിശോധിച്ച് ഭാവിയിൽ പ്രയോജനമുണ്ടാകാവുന്നവ തിരഞ്ഞെടുത്ത് സൂക്ഷിക്കുക, ചരിത്ര ഗവേഷകന്മാർക്കും, പണ്ഡിതന്മാർക്കും ആക്കൈവ്സ് സംഭരിച്ചിട്ടുള്ള റിക്കാർഡുകൾ പരിശോധിച്ച് ഗവേഷണം നടത്തുവാൻ വേണ്ട സൗകര്യം ചെയ്തുകൊടുക്കുക, റിക്കാർഡുകളുടെ ദേശീയ രജിസ്റ്റർ (National Register of Records) തയാറാക്കുക മുതലായവയാണ് ഈ വകുപ്പിന്റെ പ്രവർത്തനങ്ങൾ.

(ബി) ഉണ്ട്. വിവരം അടങ്ങിയ ഒരു സ്റ്റേറ്റുമെന്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്. †

(സി) റിക്കാർഡുകളുടെ ദേശീയ രജിസ്റ്റർ (National Register of Records) തയാറാക്കുന്നതിനു പ്രതിവർഷം 3,000 രൂപാ കേന്ദ്രത്തിൽനിന്നും സഹായധനമായി ലഭിക്കുന്നുണ്ട്. കൂടാതെ ആക്കൈവ്സിൽ ഉപരിപഠനത്തിനുള്ള സൗകര്യങ്ങളും ആവശ്യാനുസരണമുള്ള വിദഗ്ദ്ധോപദേശവും നൽകിവരുന്നുണ്ട്.

(ഡി) രണ്ടുപേർ.

(ഈ) ഉണ്ട്.

(എഫ്) ഇക്കാര്യം പരിഗണനയിലിരിക്കുന്നു.

(ജി) പ്രത്യേക വ്യവസ്ഥകളൊന്നുമില്ല. ഇത്തരം ഗ്രന്ഥങ്ങളുടെ സംഭരണം അവ കൈവശമുള്ളവരുടെ സന്മനസ്സിനേയും സഹകരണത്തേയുമാണാശ്രയിച്ചിരിക്കുന്നത്.

അരിക്കാർഡ്.

* 38. [57] ശ്രീ. കെ. ആർ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷേമ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യായവില ഷാപ്പുകൾമുഖേന അരിവിതരണം ആരംഭിച്ച വർഷത്തിന്റെ (1956-57) അവസാനം സംസ്ഥാനത്തു മൊത്തം എത്ര അരി കാർഡ് ഉണ്ടായിരുന്നു ;

(ബി) 1964 ജൂൺ 30-ാം തീയതിക്ക് എത്ര കാർഡുകൾ നിലവിലുണ്ട് ;

† Appendix VI

LIBRARY ARCHIVES Kerala Legislative Assembly

Statement by Member:

ശ്രീ. കെ. എം. ജാജ്ജ് : സർ, സഭ പിരിയുന്നതിനുമുമ്പായി എനിക്ക ഒരു കാര്യം പ്രസ്താവിക്കുവാനുണ്ട്. ഇന്നലെ ഇവിടെ നടന്ന റഫറൻസ് വേള യിൽ മരണമടഞ്ഞ ശ്രീ. പി. ടി. ചാക്കോയെപ്പറ്റി മൗനം ജ്വിച്ചുകണ്ടതിൽ വളരെയേറെ മനോവേദന ഉണ്ട്. ഇന്നലെതന്ന അജണ്ടയിലും പണ്ഡിറ്റ് നെഹ്റുവിന്റെ നിര്യാണത്തെ സംബന്ധിച്ചും പി. ടി. ചാക്കോയുടെ നിര്യാ ണത്തെ സംബന്ധിച്ചും ഉള്ള അനുശോചനം രേഖപ്പെടുത്തുകയും മറ്റു നിയമ സഭാനടപടികളും മാറ്റി വച്ചിരിക്കുകയുമാണെന്ന പറഞ്ഞിട്ടുണ്ടായിരുന്നു. കഷ്ടമെന്നതന്നെ പറയട്ടെ, ഏതുതരത്തിലാണ് അതുണ്ടായതെന്ന അറി ഞ്ഞുകൂടാ, മറ്റുള്ളവരുടെ പേരുകളോടൊപ്പം അദ്ദേഹത്തിന്റെ പേർകൂടി ചേർത്തുകൊണ്ട് ഒരു റഫറൻസ് നടത്തി, അങ്ങേക്കല്ലാതെ മറ്റു യാതൊ രാൾക്കും സംസാരിക്കുവാൻ അവസരം ഉണ്ടായിരുന്നില്ല. ശ്രീമാൻ ചാക്കോ വെറും ഒരു മെമ്പർ മാത്രമായിരുന്നില്ല എന്നുള്ളതു എല്ലാവർക്കും അറിവുള്ള കാര്യ മാണ്. ഏതായാലും ഇതു അങ്ങേയറ്റത്തെ നിർഭാഗ്യകരമായിപ്പോയി. ഇതിൽ ഞങ്ങൾക്ക വളരെയേറെ സങ്കടമുണ്ട്; അഗാധമായ ഖേദം ഉണ്ട്. സ്വീകരോട്ടുള്ള ബഹുമാനംകൊണ്ട് മറെറാന്നും ഞാൻ പറയുന്നില്ല, ഞങ്ങളുടെ അങ്ങേയറ്റത്തെ പ്രതിഷേധവും ഖേദവും രേഖപ്പെടുത്തുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

Shri C. Achutha Menon : Sir, then what about the adjournment motion?

Mr. Speaker : Order, order. We are not transacting any business at all. We now adjourn till 8 o' clock on Monday.

Shri K. Chandrasekharan : But this is not a Government business.

(Many Opposition members rose to speak)

Mr. Speaker : The House stands adjourned to meet again at 8 a. m. on Monday, the 7th September 1964.

The House adjourned at 9. 18 a. m. to meet again at 8 a. m. on Monday the 7th September, 1964.

LIBRARY ARCHIVES Kerala Legislative Assembly